ഭരണഭാഷ മാതൃഭാഷ

E-mail:doktm.psc@kerala.gov.in

Website :- www.keralapsc.gov.in
Telephone: 0481 2578278

**കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,**

**ജില്ലാ ഓഫീസ്, കോട്ടയം.**

നമ്പർ:KVII(2)739846/2023-Dummy(28)

കോട്ടയം
15.03.2025

പ്രേഷകൻ

ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, കോട്ടയം.

സ്വീകർത്താവ്

സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ
സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്
തിരുവനന്തപുരം

സർ,

വിഷയം: - നിയമന പരിശോധനാ തീയതി അറിയിക്കുന്നതു സംബന്ധിച്ച്

സൂചന: - 1. ഗവ.ഉത്തരവ് നമ്പർ 41/2010/ഉ.ഭ.പ.വ. തീയതി 14.12.2010
2.a.താങ്കളുടെ 17.02.2025 തീയതിയിലെ DTETVM/10396/2024-EB3 (EB) (I) നമ്പർ കത്ത്.
b.താങ്കളുടെ 17.02.2025 തീയതിയിലെ DTETVM/10396/2024-EB3 (EB) നമ്പർ കത്ത്.

സൂചനകളിലേയ്ക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

സൂചന (1) ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള നിയമന പരിശോധനയ്ക്കായി , താങ്കളുടെ ആഫീസിൽ നിന്നും സൂചന (2) പ്രകാരം അറിയിച്ച താഴെപ്പറയുന്ന ഉദ്യോഗസ്ഥരുടെ സർവ്വീസ് ക്രമവൽക്കരിക്കപ്പെടുന്നതിനു മുന്നോടിയായുള്ള നിയമന പരിശോധന, ടിയാളുകളുടെ പേരിനു നേർക്ക് സൂചിപ്പിച്ചിരിക്കുന്ന തീയതിയിലും സമയത്തും നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു.

നിയമന പരിശോധനയ്ക്കായി മുട്ടമ്പലത്തുള്ള കോട്ടയം ജില്ലാ പി.എസ്.സി ഓഫീസിൽ ഹാജരാകണമെന്ന നിർദ്ദേശത്തോടെ ടി ഉദ്യോഗസ്ഥരെ **വിടുതൽ ചെയ്ത് അയക്കേണ്ടതാണ്. റിലീവിംഗ് ഓർഡർ, നിയമന ഉത്തരവ്, നിയമന ശിപാർശാ മെമ്മോ, എസ്.എസ്.എൽ.സി ബുക്ക്, ആധാർ കാർഡ്, ഉദ്യോഗസ്ഥരുടെ ID card** എന്നിവ സഹിതം നേരിട്ട് ഹാജരാകുവാൻ നിർദ്ദേശം നൽകേണ്ടതാണ്.

**ഉദ്യോഗസ്ഥർ നിയമനപരിശോധനയ്ക്ക് മുമ്പായി തങ്ങളുടെ ആധാർ കാർഡ് നിർബന്ധമായും വൺടൈം രജിസ്ട്രേഷൻ പ്രൊഫൈലിൽ ലിങ്ക് ചെയ്യേണ്ടതാണ്.**

| ക്രമ നമ്പർ | ഉദ്യോഗസ്ഥരുടെ പേര് | തസ്തിക | വെരിഫിക്കേഷൻ തീയതിയും സമയവും |
|---|---|---|---|
| 1 | SOUMYA K R | TRADESMAN (POLYMER TECHNOLOGY) | **28.03.2025 01.30 PM** |
| 2 | PRIYANKA C D | TRADESMAN (POLYMER TECHNOLOGY) | |

ഉദ്യോഗസ്ഥർ താൻ ഉൾപ്പെട്ടിരിക്കുന്ന **റാങ്ക് ലിസ്റ്റിന്റെ നമ്പർ, റാങ്ക് നമ്പർ എന്നിവയും, നിയമന ശിപാർശയുടെ നമ്പരും, തീയതിയും, നിയമനം റിസർവേഷൻ ടേണിലാണോ അല്ലയോ എന്നതും, നിയമന ഉത്തരവ് നമ്പരും, തീയതിയും, നിയമനാധികാരിയുടെ പേരും, പദവിയും, ജോലിയിൽ പ്രവേശിച്ച തീയതിയും** വെരിഫിക്കേഷൻ നടക്കുന്ന ദിവസം ഈ ആഫീസിൽ നിന്നും നൽകുന്ന പ്രൊഫോർമയിൽ രേഖപ്പെടുത്തേണ്ടതാണ്. മേൽ വിവരം ഉദ്യോഗസ്ഥർക്കുള്ള നിർദ്ദേശത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.

**നിയമന പരിശോധനയ്ക്ക് ഹാജരാകുമ്പോൾ 08.07.2019 തീയതിയിലെ GO(MS) No.133/2019/GAD ഉത്തരവ് പ്രകാരം സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിനുള്ള ഫീസിനത്തിൽ ഉദ്യോഗസ്ഥർ 210/-രൂപ തങ്ങളുടെ പ്രൊഫൈൽ വഴി e-payment ലൂടെ ഒടുക്കേണ്ടതാണ്.**

| |
|---|
| E-Chalan വഴിയോ ട്രഷറി ചലാൻ വഴിയോ പണം അടക്കുന്ന രീതികൾ സ്വീകാര്യമല്ല. |

**"പ്രമാണങ്ങൾ അയച്ചു തരുന്നത് കർശനമായും നിയമന ശിപാർശാ ക്രമത്തിലാകണം. ആകയാൽ ക്രമം തെറ്റിച്ച് നിയമന പരിശോധന നടത്തുന്നത് മൂലം ഉണ്ടാകുന്ന അനന്തര പ്രശ്നങ്ങളുടെ (സീനിയോരിറ്റി/കോടതി വ്യവഹാരം മുതലായവ) പൂർണ ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പിനായിരിക്കും"**

**നിയമന പരിശോധനക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ സർക്കാർ നിർദേശിച്ച കോവിഡ് -19 നിർവ്യാപന മാനദണ്ഡങ്ങൾ പാലിക്കേണ്ടതാണ്.(നിർബന്ധമായും മുഖാവരണം ധരിക്കേണ്ടതാണ്)**

**നിയമന പരിശോധന സംബന്ധിച്ച്, വ്യക്തിഗത അറിയിപ്പ് ഉദ്യോഗസ്ഥർക്ക് താങ്കളുടെ ഓഫീസിൽ നിന്നും നൽകേണ്ടതാണ്. പബ്ലിക് സർവ്വീസ് കമ്മീഷനിൽ നിന്നും നിയമനാധികാരിയുമായി മാത്രമേ കത്തിടപാടുകളോ, മറ്റ് വിനിമയമോ ഉണ്ടായിരിക്കുകയുള്ളൂ. ടി ഉദ്യോഗസ്ഥരിൽ ആരെങ്കിലും താങ്കളുടെ വകുപ്പിൽ നിന്നും വിടുതൽ ചെയ്ത് മറ്റ് വകുപ്പിൽ ജോലിയിൽ പ്രവേശിച്ചിട്ടുണ്ടെങ്കിൽ, നിയമന പരിശോധന സംബന്ധിച്ച അറിയിപ്പ് പ്രസ്തുത വകുപ്പിലേക്ക് താങ്കളുടെ ഓഫീസിൽ നിന്നും നൽകേണ്ടതാണ്.**

വിശ്വസ്തതയോടെ,

Sd/-
ജില്ലാ ഓഫീസർക്കുവേണ്ടി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ
ജില്ലാ ഓഫീസ്, കോട്ടയം

വെബ്സൈറ്റ്:www.keralapsc.gov.in

ഇ-മെയിൽ : doekm.psc@kerala.gov.in

Telephone : 0484-2988857

# കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ

***ജില്ലാ ആഫീസ് : എറണാകുളം***

നമ്പർ: E6-4/1/2022-KPSC-DOEKM (2)

സ്ഥലം : എറണാകുളം

തീയതി : 17-03-2025

പ്രേഷകൻ

ജില്ലാ ആഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ആഫീസ് , എറണാകുളം.

സ്വീകർത്താവ്

The Directorate of Technical Education,
Directorate of Technical Education,
Padmavilasom Road, Fort P O,
Thiruvananthapuram-695023.

സർ,

വിഷയം:- കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, ജില്ലാ ആഫീസ്, എറണാകുളം - സർവ്വീസ് വെരിഫിക്കേഷൻ - സംബന്ധിച്ച്.

സൂചന :- 1. താങ്കളുടെ **24/12/2024** തീയതിയിലെ **DTETVM/11334/2024-EB3(EB)** നമ്പർ കത്ത്.

2. 08.07.2019 തീയതിയിലെ GO (Ms) No.133/2019/GAD ഉത്തരവ്.

************

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ആഫീസ് എറണാകുളം മുഖേന നിയമന ശിപാർശ ലഭിച്ച് താങ്കളുടെ വകുപ്പിൽ ജോലിയ്ക്ക് പ്രവേശിച്ച താഴെപ്പറയുന്ന ഉദ്യോഗസ്ഥയുടെ സർവ്വീസ് വെരിഫിക്കേഷൻ **26-03-2025** തീയതിയിൽ **02.00 PM** ന് ഈ ആഫീസിൽ വച്ച് നടത്തുന്നതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥ കമ്മീഷൻ അംഗീകരിച്ചിട്ടുള്ള താഴെപ്പറയുന്ന തിരിച്ചറിയൽ രേഖകളിൽ ഏതെങ്കിലും ഒന്നിന്റെ അസ്സൽ സഹിതം ഈ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ് എന്ന് അറിയിക്കുന്നു. **നിയമനപരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ വെരിഫിക്കേഷൻ ഫാറം (Annexure II) പൂരിപ്പിക്കേണ്ടതിനാൽ നിയമനശിപാർശക്കത്ത്, നിയമന ഉത്തരവ് എന്നിവയുടെ നമ്പരും തീയതിയും അവരവരുടെ റാങ്ക് ലിസ്റ്റിന്റെ നമ്പർ, റാങ്ക് നമ്പർ, നിയമനം ലഭിച്ച ഊഴം (OC/BC), ശമ്പളസ്കെയിൽ, ജോലിയിൽ പ്രവേശിച്ച തീയതി, ഓഫീസിന്റെ പേര്, നിയമനാധികാരിയുടെ പേര്, ഉദ്യോഗപ്പേര് എന്നിവ വ്യക്തമായി അറിഞ്ഞിരിക്കേണ്ടതാണെന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥയ്ക്ക് നിർദ്ദേശം നൽകണമെന്ന് അറിയിക്കുന്നു.**

1. ഉദ്യോഗസ്ഥർക്ക് ബന്ധപ്പെട്ട വകുപ്പ്/സ്ഥാപനം നൽകുന്ന തിരിച്ചറിയൽ കാർഡ്.
2. തിരെഞ്ഞെടുപ്പ് കമ്മീഷൻ നൽകിയ വോട്ടർ കാർഡ്.
3. ഡ്രൈവിംഗ് ലൈസൻസ്.
4. പാസ്സ്പോർട്ട്.
5. കേരള സർക്കാർ സാമൂഹ്യക്ഷേമ വകുപ്പ് ഭിന്നശേഷിക്കാർക്ക് നൽകിയ തിരിച്ചറിയൽ കാർഡ്.
6. ദേശസാത്കൃത ബാങ്ക് നൽകിയ ഫോട്ടോ പതിച്ച പാസ്സ്ബുക്ക്.
7. പാൻ കാർഡ്.
8. ആധാർ കാർഡ്.

നിയമനപരിശോധനയ്ക്ക് ഹാജരാകുന്ന ഉദ്യോഗസ്ഥർ ഹോളോഗ്രാം പതിച്ച സർവ്വീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാകുന്നതിന് **210/-** രൂപ ഈടാക്കാൻ സൂചന(2) പ്രകാരം സർക്കാർ ഉത്തരവായിട്ടുണ്ട്.

ആയതിൻപ്രകാരം സർവ്വീസ് വെരിഫിക്കേഷന് ഹാജരാകുന്ന ജീവനക്കാർ, **<u>പ്രസ്തുത തുക നിയമന പരിശോധനയ്ക്ക് ഹാജരാകുന്നതിനു മുൻപായി PSC ONE TIME PROFILE'ൽ പ്രവേശിച്ചു ഓൺലൈനായി നിർബന്ധമായും അടച്ചിരിക്കേണ്ടതാണ്.(Challan will not be accepted).</u>**

**"<u>നിയമന പരിശോധനയ്ക്കായി ജീവനക്കാരുടെ പ്രമാണങ്ങൾ അയച്ചു തരുന്നത് കർശനമായും നിയമന ശിപാർശാ ക്രമത്തിലാകേണ്ടതാണ്. ആകയാൽ ക്രമം തെറ്റിച്ച് നിയമന പരിശോധന നടത്തുന്നത് മൂലം ഉണ്ടാകുന്ന അനന്തര പ്രശ്നങ്ങളുടെ (സീനിയോറിറ്റി തർക്കം/കോടതി വ്യവഹാരം മുതലായവ) പൂർണ ഉത്തരവാദിത്വം ബന്ധപ്പെട്ട വകുപ്പിനായിരിക്കും</u>."**

| **<u>ഉദ്യോഗസ്ഥരുടെ പേര്</u>** | | | | |
|---|---|---|---|---|
| Sl. No. | Name | Post | Defects | <u>Method of payment</u> |
| 1 | NEETHU K C | Tradesman - Electronics | NIL | Online |

വിശ്വസ്തതയോടെ,

sd/-
ജില്ലാ ഓഫീസർക്കുവേണ്ടി,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ,
ജില്ലാ ആഫീസ്, എറണാകുളം